(സി) 13.93%.

(ഡി) തൃശ്ശൂർ ജില്ലയിൽ. ഈ വർഷം നിയമനം നടത്തുന്നതി ലേക്കായി ആരെയും നാളിതുവരെ തിരഞ്ഞെടുത്തിട്ടില്ല.

പുതിയതായി നികുതി ചുമത്തിയ വീടുകൾ

1810 [2736] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഇപ്പോൾ പുതിയതായി വീടുകൾക്ക് നികുതി ചുമത്തിയിട്ടുള്ളത്;

(ബി) എത്ര കൊല്ലം കൂടുമ്പോഴാണ് പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വീട്ടുനികുതി പുതുക്കി നിശ്ചയിക്കുന്നത്;

(സി) വീട്ടുനികുതികൾ വർദ്ധിപ്പിക്കുന്നതിന്റെ മാനദണ്ഡം എന്താണ്;

(ഡി) പാലക്കാട് ജില്ലയിൽ മുതലമട പഞ്ചായത്തിൽ ഇപ്പോൾ വീട്ടുനികുതി വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എത്ര ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്;

(എഫ്) മുതലമട പഞ്ചായത്തിൽ അഞ്ഞൂറു ശതമാനംവരെ നികുതി വർദ്ധിപ്പിച്ചതിന്റെ പേരിൽ എന്തെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ പരാതിയുടെ പേരിൽ നികുതി ഇളവ് ചെയ്യുന്നതിന് എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരി ച്ചിട്ടുണ്ടോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) അഞ്ചുകൊല്ലം കൂടുമ്പോഴാണ് കെട്ടിടനികുതി പുതുക്കി നിശ്ചയിക്കുന്നത്.

(സി) കെട്ടിടത്തിന്റെ വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാന ത്തിലാണ് കെട്ടിടനികുതി നിശ്ചയിക്കുന്നത്. ആറ് ശതമാനം മുതൽ പത്ത് ശതമാനം വരെ അതാത് പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിലാണ് കെട്ടിടനികുതി ഈടാക്കുന്നത്. മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ പത്തു മുതൽ ഇരുപത്തഞ്ച് ശതമാനം വരെ ഈടാക്കാവുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) നികുതിനിരക്കിന്റെ ശതമാനം വർദ്ധിപ്പിച്ചിട്ടില്ല.

(എഫ്, ജി) മുതലമട പഞ്ചായത്തിൽ കെട്ടിടനികുതി വർദ്ധി പ്പിച്ചതിനെക്കുറിച്ച് പൗരസമിതി കൺവീനറുടെ പരാതിയിൻമേൽ അന്വേഷണം നടത്തി ആവശ്യമായ നടപടികളും സ്വീകരിക്കുവാൻ മലപ്പുറം പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറോട് ഗവൺമെന്റ് ആവശ്യ പ്പെട്ടിട്ടുണ്ട്. ഗവൺമെന്റിന് ലഭിച്ച മറ്റൊരു പരാതിയിൻമേൽ, വർദ്ധിപ്പിച്ച നികുതി പിരിക്കുന്നത് ഗവൺമെന്റ് താൽക്കാലിക മായി മരവിപ്പിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly